>> മുഖക്കുറിപ്പ്

# ആസന്നമായ ലോക്സഭാ തെരഞ്ഞെടുപ്പ്

**അടുത്ത** ഏപ്രിൽ-മെയ് മാസങ്ങളിൽ ഇന്ത്യയിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുകയാണ്. എൻ.ഡി.എ-യു.പി.എ മുന്നണികൾ തമ്മിലാണ് മുഖ്യമത്സരം. ഇടതുപക്ഷം ഒരു മൂന്നാം മുന്നണിയെക്കുറിച്ച് സംസാരിക്കുന്നുണ്ട്. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ മൂന്നാം മുന്നണി ഏറെ പ്രസക്തമാണ്. പക്ഷേ ഈ മുന്നണിയുടെ വ്യക്തമായ ചിത്രം ജനങ്ങളുടെ മുന്നിലവതരിപ്പിക്കാൻ അതിന്റെ വക്താക്കൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഇലക്ഷൻ കമീഷൻ തെരഞ്ഞെടുപ്പിന്റെ കേളികൊട്ടുയർത്തുന്നതിന് മുമ്പേ കോൺഗ്രസ് നേതൃത്വം ദൽഹിയിലും ബി.ജെ.പി നേതൃത്വം നാഗ്പൂരിലും യോഗം ചേർന്ന് തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ ആവിഷ്കരിച്ചിരുന്നു. മുഖ്യ മുന്നണികൾക്ക് നേതൃത്വംനൽകുന്ന രണ്ട് കക്ഷികളും സാധാരണ ജനങ്ങൾക്ക് ആശ്വാസം പകരുന്ന നയപരിപാടികളൊന്നും അവതരിപ്പിക്കുന്നില്ല. ആഗോളവത്കരണം ത്വരിതപ്പെടുത്തുകയും ആണവ കരാർ നടപ്പിലാക്കുകയുമാണ് കോൺഗ്രസ്സിന്റെ മുന്നിലുള്ള പ്രധാന പരിപാടി. കഴിഞ്ഞ അഞ്ചുവർഷത്തിനകം ദാരിദ്ര്യരേഖക്ക് കീഴിലുള്ളവരുടെ എണ്ണത്തിൽ 20 ശതമാനം വർധനവുണ്ടായതോ, രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് കുറഞ്ഞുപോയതോ, കയറ്റുമതിയിൽ 24 ശതമാനത്തിന്റെ ഇടിവുണ്ടായതോ, കാർഷികമേഖല തകർന്നുകൊണ്ടിരിക്കുന്നതോ ഒന്നും പാർട്ടി കാര്യമായി എടുക്കുന്നില്ല. എന്നല്ല, ഇത്തരം പ്രശ്നങ്ങളൊന്നും ഇന്ത്യയിൽ ഇല്ല എന്ന മിഥ്യാഭ്രമത്തിലാണവർ. ദാരിദ്ര്യം, ഇന്ത്യയിൽനിന്ന് നിർമാർജനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന മൊണ്ടേക് സിംഗ് അഹ്ലുവാലിയ്യയുടെ പ്രസ്താവന അതാണ് സൂചിപ്പിക്കുന്നത്.

നാഗ്പൂരിൽ ചേർന്ന ബി.ജെ.പി നേതൃയോഗം ആവിഷ്കരിച്ച നയപരിപാടികളിൽ പലതും തൽക്കാലം രഹസ്യമാക്കി വെച്ചിരിക്കുന്നതായാണ് റിപ്പോർട്ട്. മാധ്യമങ്ങളുമായി പങ്കുവെച്ച ഒരു പരിപാടി അയോധ്യയിലെ രാമക്ഷേത്ര നിർമാണമാണ്. പാർട്ടി മറച്ചുപിടിച്ച നയപരിപാടികൾ എന്തൊക്കെയാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മുതലാളിത്ത ആഗോളവത്കൃത സാമ്പത്തിക വ്യവസ്ഥ, അമേരിക്കൻ-ഇസ്രയേൽ മേധാവിത്വത്തിലധിഷ്ഠിതമായ വിദേശനയം തുടങ്ങിയ പ്രധാന വിഷയങ്ങളിലെല്ലാം അടിസ്ഥാനപരമായി കോൺഗ്രസ്സിന്റെയും ബി.ജെ.പിയുടെയും നയപരിപാടികൾ ഒന്നുതന്നെയാണ്.

ആസന്നമായ തെരഞ്ഞെടുപ്പിൽ ബി.ജെ.പി യഥാർഥത്തിൽ സങ്കീർണമായ ഒരു പ്രതിസന്ധി നേരിടുന്നുണ്ട്. ബി.ജെ.പി പ്രചരിപ്പിക്കുന്ന പരിപാടികളെല്ലാം അതിന്റെ മുഖ്യശത്രുവായ കോൺഗ്രസ് സ്വന്തമാക്കുകയാണ്. നെഹ്റു ആവിഷ്കരിച്ച സോഷ്യലിസ്റ്റ് സാമ്പത്തിക നയങ്ങൾക്ക് പകരം മുതലാളിത്ത നയങ്ങൾ സ്വീകരിക്കണമെന്നും വിദേശനയത്തിൽ ചേരിചേരായ്മ വെടിഞ്ഞ് അമേരിക്കൻ ചേരിയിൽ ചേരണമെന്നും ഇസ്രയേലിനെ അംഗീകരിച്ച് ഉറ്റബന്ധം സ്ഥാപിക്കണമെന്നും ആദ്യം ആവശ്യപ്പെട്ടത് ഇന്നത്തെ ബി.ജെ.പിയുടെ പൂർവികരായിരുന്നു. നെഹ്റുവിനും ഇന്ദിരാഗാന്ധിക്കും ശേഷം ഈ ആശയം ഭംഗിയായി നടപ്പിലാക്കിക്കൊണ്ടാണ് കോൺഗ്രസ് അവരെ നിരായുധരാക്കിയത്. ബംഗ്ലാദേശിനെ പാകിസ്താനിൽനിന്ന് വേർപ്പെടുത്തുന്നതിനെക്കുറിച്ച് നെഹ്റുവിന്റെ കാലത്തെ കോൺഗ്രസ്സോ ഇന്ത്യാ ഗവൺമെന്റോ ചിന്തിച്ചിരുന്നില്ല. ആർ.എസ്.എസ്സും ജനസംഘവുമാണ് ഈ ആശയവും ആദ്യം ഉന്നയിച്ചത്. പിന്നീട് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് അത് സ്വന്തമാക്കുകയായിരുന്നു.

ബി.ജെ.പി ഉന്നയിക്കുകയും കോൺഗ്രസ് ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്ത പരിപാടിയുടെ ഒടുവിലത്തെ ഉദാഹരണമാണ് പൗരാവകാശങ്ങൾ നിഷേധിക്കുന്നതും ജനാധിപത്യവിരുദ്ധവുമായ ഭീകരവിരുദ്ധ നിയമം. ബാബരിമസ്ജിദ് രാമക്ഷേത്രമാക്കണമെന്ന വാദം ആദ്യമുയർത്തിയത് സംഘ്പരിവാർ സംഘടനകളാണെങ്കിലും മസ്ജിദിൽ വിഗ്രഹങ്ങൾ സ്ഥാപിച്ചതും മുസ്ലിംകളുടെ നമസ്കാരം വിലക്കിക്കൊണ്ട് ആ പള്ളി പൂട്ടിയിട്ടതും കോൺഗ്രസ് ഗവൺമെന്റാണ്. വർഷങ്ങൾക്കു ശേഷം മസ്ജിദ് ഹിന്ദുക്കൾക്ക് ആരാധനക്ക് തുറന്നുകൊടുത്തതും ശിലാന്യാസത്തിന് അനുമതി നൽകിയതും കോൺഗ്രസ് ഗവൺമെന്റുതന്നെ. 1992ൽ ബാബരിമസ്ജിദ് ഫാഷിസ്റ്റുകൾ തകർക്കുമ്പോൾ കേന്ദ്രം ഭരിച്ചിരുന്നത് കോൺഗ്രസ് ഗവൺമെന്റാണ്. പള്ളി തകർത്ത ദിവസം തന്നെ യു.പി ഭരിച്ചിരുന്ന കല്യാൺ സിംഗിന്റെ നേതൃത്വത്തിലുള്ള ബി.ജെ.പി ഗവൺമെന്റ് പിരിച്ചുവിടപ്പെട്ടു. പക്ഷേ പള്ളി നിന്ന സ്ഥലത്ത് ടെന്റ് കെട്ടി വിഗ്രഹങ്ങൾ പുനഃപ്രതിഷ്ഠിക്കാനും പൂജകളാരംഭിക്കാനും ഫാഷിസ്റ്റുശക്തികൾക്ക് ഒരു തടസ്സവുമുണ്ടായില്ല. കോൺഗ്രസ്സും ബി.ജെ.പിയും ഒന്നുതന്നെ എന്നു പറയുകയല്ല. എന്തൊക്കെയായാലും രാജ്യത്തെ പിന്നാക്ക-മതന്യൂനപക്ഷ വിഭാഗങ്ങൾ ഏറെ പ്രതീക്ഷയർപ്പിക്കുന്ന ഏറ്റവും വലിയ മതേതരകക്ഷികോൺഗ്രസ് തന്നെയാണ്. പക്ഷേ, കൊടും ഹിന്ദുത്വത്തെ മൃദുഹിന്ദുത്വം കൊണ്ട് നേരിടാൻ ശ്രമിച്ചപ്പോൾ മുസ്ലിംസമുദായത്തിന്റെ അവകാശങ്ങൾ ഒട്ടും പരിഗണിക്കാൻ ആ പാർട്ടിക്കായിട്ടില്ല. ബാബരിമസ്ജിദ് പ്രശ്നത്തിൽ ഒരിക്കൽ മുസ്ലിംകളോട് ഖേദം പ്രകടിപ്പിച്ച കോൺഗ്രസ് തങ്ങൾക്ക് പറ്റിയ തെറ്റുകൾ തിരുത്താൻ ശ്രമിക്കേണ്ടതുണ്ട്.

കോൺഗ്രസിന് സ്വന്തമാക്കാനാവാത്ത ആയുധം എന്ന നിലക്കാണ് ബി.ജെ.പി രാമക്ഷേത്രം പൊടിതട്ടിയെടുത്തിരിക്കുന്നത്. ബാബരി മസ്ജിദിന്റെ സ്ഥാനത്ത് രാമക്ഷേത്രം പണിയുമെന്ന് ബി.ജെ.പി പ്രതിജ്ഞയെടുക്കുമ്പോൾ നന്നെച്ചുരുങ്ങിയത് അതനുവദിക്കുകയില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കാനുള്ള ചങ്കൂറ്റമെങ്കിലും കോൺഗ്രസ് കാണിക്കണം. ഇല്ലെങ്കിൽ ആ പ്രതിജ്ഞയുടെ സാക്ഷാത്കാരം അറിഞ്ഞോ അറിയാതെയോ കോൺഗ്രസ്സിന്റെ ദൗത്യമായിത്തീരുമെന്ന ആശങ്ക, അനുഭവങ്ങളുടെ വെളിച്ചത്തിൽ തികച്ചും സംഗതമാകുന്നു. ■